# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 894</u> <u>07.02.2013 ൽ മറുപടിയ്ക്ക്</u>

## തീരദേശ കരയിടിച്ചിൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലയിൽ വ്യാപകമായ കരയിടിച്ചിൽ നേരിടുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ; | (എ) കരയിടിച്ചിൽ നേരിടുന്നതിന് പതിമൂന്നാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ താഴെ ചേർക്കുന്ന പ്രവൃത്തികൾ നടന്നു വരുന്നു.<br>1. മംഗലപ്പാടി ഗ്രാമപഞ്ചായത്തിലെ മൂസോഡി കടപ്പുറം (300 മീറ്റർ, 137.65 ലക്ഷം രൂപ)<br>2. കുമ്പള പഞ്ചായത്തിലെ നംഗി കൊപ്പാള കടപ്പുറം (300 മീറ്റർ, 126.85 ലക്ഷം രൂപ)<br>3. കാസർഗോഡ് താലൂക്കിലെ കസബ കടപ്പുറം (175 മീറ്റർ, 44.10 ലക്ഷം രൂപ)<br>4. ഉദുമ ഗ്രാമപഞ്ചായത്തിലെ ജമ്മാ കടപ്പുറം (300 മീറ്റർ, 110.76 ലക്ഷം)<br>5. കാസർഗോഡ് താലൂക്കിലെ കാവുഗോളി കടപ്പുറം (240 മീറ്റർ, 87.09 ലക്ഷം രൂപ)<br>കാസർഗോഡ് താലൂക്കിലെ കാവുഗോളി കടപ്പുറത്ത് 350 മീറ്റർ കടൽഭിത്തി നിർമ്മിക്കുന്നതിന് 171 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. ഹോസ് ദുർഗ് താലൂക്കിലെ അജാനൂർ കടപ്പുറത്ത് 105 മീറ്റർ കടൽ ഭിത്തി നിർമ്മിക്കുന്നതിനുള്ള 39.50 ലക്ഷം രൂപയുടെ അധികരിച്ച ടെണ്ടർ പരിശോധിച്ച് വരുന്നു. കൂടാതെ ഹോസ് ദുർഗ് താലൂക്കിലെ ബെല്ലാ കടപ്പുറത്ത് 1/257 നമ്പർ വീടിന് സമീപം അടിയന്തിര സംരക്ഷണത്തിന് വേണ്ടി 25 ലക്ഷം രൂപയുടെ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 895

07.02.2013 ൽ മറുപടിയ്ക്ക്

## പൊന്നാനിയിൽ കടൽക്ഷോഭ ഭീഷണി നേരിടുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) പൊന്നാനിയിൽ കടൽഭിത്തിയില്ലാത്ത ജീലാനി നഗർ പ്രദേശം കടൽക്ഷോഭ ഭീഷണി നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) പ്രസ്തുത പ്രദേശത്ത് 845 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 3 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ